(ബി) കോവിഡിന്റെ ഭീതി ഒഴിയും വരെ മുൻഗണനാ പട്ടികയിലുള്ള കുടുംബങ്ങൾക്ക് മാസംതോറും ഭക്ഷ്യക്കിറ്റ് നൽകുവാനും മുൻഗണനേതര കുടുംബങ്ങൾക്ക് വിശേഷ ഉത്സവാവസരങ്ങളിൽ ഭക്ഷ്യക്കിറ്റ് നൽകുവാനും ഉദ്ദേശിക്കുന്നുണ്ടോ?

(എ&ബി) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(സി) ഭക്ഷ്യക്കിറ്റ് ഭക്ഷ്യഭദ്രതാ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിൽനിന്ന് അവശ്യ ധന-വിഭവ സമാഹരണം ലഭ്യമാക്കി സർക്കാർ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്കായി വിതരണം ചെയ്ത സൗജന്യ ഭക്ഷ്യക്കിറ്റ് പൂർണ്ണമായും സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ്. ഭക്ഷ്യഭദ്രതാ നിയമം ഒരു കേന്ദ്രനിയമം ആയതിനാൽ ഭക്ഷ്യക്കിറ്റ് വിതരണം ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ സാധിക്കില്ല.

ഭക്ഷ്യക്കിറ്റ് കമ്മീഷൻ കുടിശ്ശിക

289 (289) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വ്യാപാരികൾക്ക് ഭക്ഷ്യക്കിറ്റിന്റെ കമ്മീഷൻ കുടിശ്ശികയായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കുടിശ്ശിക സമയബന്ധിതമായി കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കാർ നൽകിയ അതിജീവനക്കിറ്റുകൾ വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾ ആവശ്യപ്പെടുന്ന കൈകാര്യചെലവ് നൽകാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം

290 (290) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തവകയിൽ ഇതുവരെയായി എത്ര രൂപ ചെലവഴിച്ചുവെന്നും എത്ര ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തുവെന്നും വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly